LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

337 (1026) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടൂർ നിയോജകമണ്ഡലത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം, ഗുണഭോക്താക്കളുടെ എണ്ണം, അടങ്കൽ തുക എന്നീ വിവരങ്ങൾ വാർഷികാടിസ്ഥാനത്തിൽ വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി

338 (1027) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങളേയും ഘട്ടംഘട്ടമായി സ്വന്തമായി ഭൂമിയുള്ളവരായി മാറ്റുക എന്നതാണ് നിലവിലുള്ള ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/വാർഡ് സഭാ ലിസ്റ്റിൽനിന്നും കൂടാതെ പട്ടികജാതി വികസന വകുപ്പ് നേരിട്ടും അർഹരായ പട്ടികജാതി ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് പഞ്ചായത്തുകളിൽ പരമാവധി 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയുമാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ ഭൂരഹിതപുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് 150 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.